


=============================================================

# സുവിശേഷ വേലയും ഭൗതിക ജോലിയും .

**Jinu Ninan**

=============================================================

MALAYALAM

AUTHOR
JINU NINAN © 2021
COPYRIGHTED
YOU MAY FREELY USE, SHARE, AND REPRODUCE ENTIRE UNALTERED ORIGINAL CONTENT FOR PERSONAL OR NONCOMMERCIAL USES AS LONG AS YOU PROVIDE AUTHOR’S NAME.
FOR FURTHER DETAILS PLEASE CONTACT:
JINU NINAN
EMAIL: ginuninan@gmail.com

==================================================
## ആമുഖം
==================================================

ദൈവവചനമായ ക്രൂശിൻ്റെ സന്ദേശം നിങ്ങൾ മറയില്ലാതെ അറിയിക്കുകയാണെങ്കിൽ അതിനോടു സ്വാഭാവികമായി രണ്ടു രീതിയിൽ ഉള്ള പ്രതികരണങ്ങൾ ഉണ്ടാകും. ദൈവവചനം കേൾക്കുന്ന വ്യക്തികൾ അതിനെ സ്വീകരിക്കുന്നുവോ അതോ തിരസ്കരിക്കുന്നുവോ എന്നതിനെ അടിസ്ഥാനപ്പെടുത്തി പ്രതികരണം വ്യത്യസ്തമായിരിക്കും.

ദൈവവചനം നമ്മുടെ പാപത്തെയും, തെറ്റായ ധാരണകളെയും, പാരമ്പര്യ ചിന്തകളെയും തുറന്നു കാണിക്കുകയും, നമ്മെ കീറി മുറിക്കുകയും തകർക്കുകയും ചെയ്യുന്നു. ദൈവവചനത്തോട് നമ്മൾ സത്യസന്ധതയോടെ പ്രതികരിക്കാൻ തയ്യാറായാൽ നമ്മളെ അത് ദൈവവചനപ്രകാരം രൂപാന്തരപ്പെടുത്തുകയും പണിയുകയും ചെയ്യും.

എന്നാൽ നമ്മൾ പാപത്തെ ഉപേക്ഷിക്കുവാനും പാരമ്പര്യ ചിന്തകളെയും ധാരണകളെയും മാറ്റുവാനും തയ്യാറായില്ലെങ്കിൽ നാം ദൈവവചനത്തെ തള്ളിക്കളയുവാനും അത് പറയുന്ന വ്യക്തിക്ക് നേരെ തിരിയുവാനും കേൾക്കുന്ന ദൈവവചനം നമ്മെ കഠിനപ്പെടുത്തുവാനും ഇടയാകുകയും ചെയ്യും.

പത്രൊസും സ്തെഫാനൊസും പ്രസംഗിച്ചത് ഒരേ സുവിശേഷമായിരുന്നു. എന്നാൽ കേട്ടവരിൽ ഒരു കൂട്ടർ മാനസാന്തരപ്പെടുകയും മറ്റൊരു കൂട്ടർ പ്രസംഗകന് എതിരെ തിരിയുകയും കല്ലെറിയുകയും ചെയ്തു.

ഈ ലേഖനവും നിങ്ങളിൽ മുകളിൽ പറഞ്ഞ രണ്ടിൽ ഒരു രീതിയിൽ ഉള്ള പ്രതികരണം ഉണ്ടാക്കും. അതിനാൽ യഥാർത്ഥമായി ദൈവവചനത്തെ സ്വീകരിക്കുവാനും തങ്ങളുടെ തെറ്റായ ധാരണകളെയും പാരമ്പര്യ ചിന്തകളെയും മാറ്റുവാനും **തയ്യാറല്ലാത്തവർ ഇത് വായിക്കാതിരിക്കുവാൻ ഞാൻ ബുദ്ധി ഉപദേശിക്കുന്നു !!!**

എന്നാൽ നിങ്ങളുടെ 'വിശുദ്ധ' ആശയങ്ങളെയും പാരമ്പര്യ ചിന്തകളെയും ദൈവവചന അടിസ്ഥാനത്തിൽ പരിശോധിക്കാനും തെറ്റാണെന്നു മനസ്സിലായാൽ തിരുത്താനും നിങ്ങൾ തയ്യാർ ആണ് എങ്കിൽ ഈ ലേഖനം ശ്രദ്ധയോടെ പൂർണ്ണമായും വായിക്കുക. **അങ്ങനെ ചെയ്താൽ ഈ ലേഖനത്തിലെ സത്യങ്ങൾ നിങ്ങളെ വേദനിപ്പിച്ചാലും യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്ക് നയിക്കും!!!**

++++++++++++++++++++++++++++++++++++++++++++++++++++++++++++++++++++

'സുവിശേഷ വേലയും ഭൗതിക ജോലിയും' എന്ന ശീർഷകത്തിൽ ഞാൻ മുൻപ് എഴുതിയ ഒരു ലേഖനം വിപുലീകരിച്ചതാണിത്. എഴുതിയ വിഷയത്തിൻ്റെ പ്രത്യേകത കാരണം ഏറ്റവും കൂടുതൽ വിമർശനം ഏറ്റു വാങ്ങേണ്ടി വന്ന ഒരു ലേഖനമായിരുന്നു അത്. അതിനു കാരണം വോൾട്ടയർ എന്ന തത്വചിന്തകൻ പറഞ്ഞതുപോലെ "പല വിഷയങ്ങളിലും വ്യത്യസ്ത ഉപദേശം ഉണ്ടെങ്കിലും പണത്തിൻ്റെ കാര്യത്തിൽ എല്ലാവരും ഒരേ ഉപദേശക്കാർ ആണ്" എന്നതാണ്. ("When it is a question of money, everybody is of the same religion.")

മുൻപുള്ള ലേഖനത്തേക്കാൾ കൂടുതൽ വ്യക്തതക്കു വേണ്ടി ചില വിശദീകരണങ്ങൾ കൂടി ഇതിൽ ചേർത്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ടു വന്ന എല്ലാ ചോദ്യങ്ങൾക്കും ഈ ലേഖനത്തിൽ മറുപടി പറയാൻ ശ്രമിച്ചിട്ടുമുണ്ട്.

ആത്മാർഥമായി ദൈവമുഖം മാത്രം നോക്കി സുവിശേഷ വേല ചെയ്യുന്ന അനേകർ എല്ലാ സഭകളിലും ഉണ്ട്. അവരിൽ പലരും ത്യാഗപൂർണ്ണമായി ദൈവവേല ചെയ്യുന്നവരും ആണ്. അവരെ ആരെയും വിധിക്കാനോ വിമർശിക്കാനോ അല്ല ഈ ലേഖനം. പകരം, സുവിശേഷ വേലയെ കുറിച്ച് ഇന്ന് നിലനിൽക്കുന്ന വ്യവസ്ഥിതിയുമായി ബന്ധപ്പെട്ടുള്ള ചില തെറ്റിദ്ധാരണകൾ തിരുവെഴുത്തിൻ്റെ അടിസ്ഥാനത്തിൽ പരിശോധിക്കുകയും, തിരുത്തുകയും ആണ് ലേഖനത്തിന്റെ ലക്ഷ്യം.

++++++++++++++++++++++++++++++++++++++++++++++++++++++++++++++++++++

പുതിയ നിയമ ദൈവസഭയിലെ പാസ്റ്റർ അഥവാ മൂപ്പൻ ഭൗതിക ജോലികൾ ഒന്നും ചെയ്യാതെ സഭാജനങ്ങളുടെയോ സംഘടനയുടെയോ ശമ്പളം, ദശാംശം, സ്തോത്ര കാഴ്ച എന്നിവയാൽ മാത്രം ഉപജീവനം നടത്തുവാൻ ദൈവവചനത്തിൽ ഉപദേശമുണ്ടോ? പൂർണ്ണ സമയ സുവിശേഷകർക്കു ഭൗതിക ജോലി ചെയ്യാൻ കഴിയുമോ ? സാമ്പത്തിക കാര്യങ്ങളിൽ പുതിയ നിയമ ദൈവസഭയുടെ മാതൃക എന്താണ്? വിശ്വാസത്താൽ ജീവിക്കുന്ന വ്യക്തികൾ ഭൗതികമായ ജോലി ചെയ്യുന്നത് ശരിയാണോ ? ഈ വിഷയങ്ങളെ പറ്റി പുതിയ നിയമ തിരുവെഴുത്തുകൾ എന്ത് പറയുന്നു?

==================================================================

## 'വിയർപ്പോടെ ഉപജീവനം കഴിക്കുക' എന്ന് മനുഷ്യനോടുള്ള ദൈവിക കൽപ്പന

==================================================================

ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ അവനെ ഒരു ഭൗതികമായ വേല ഏല്പിച്ചിരുന്നു, അത് തോട്ടത്തിൽ വേല ചെയ്യുക എന്നതായിരുന്നു (ഉല്പ.

2:15). വീഴ്ച വന്നതിനു ശേഷം 'മനുഷ്യൻ മുഖത്തെ വിയർപ്പോടെ ഉപജീവനം കഴിക്കും' എന്ന് ദൈവം കല്പിച്ചു (ഉല്പ. 3:19). അതായത് വീഴ്ചക്ക് മുൻപും ശേഷവും മാറ്റമില്ലാതെ മനുഷ്യൻ ഭൗതികമായ വേല ചെയ്തു ഉപജീവനം ചെയ്യണം എന്നതാണ് ദൈവിക ഉദ്ദേശ്യം.

പുതിയ നിയമത്തിലേക്കു വരുമ്പോൾ ബൈബിളിലെ എല്ലാവർക്കുമുള്ള കല്പന സ്വന്തം കൈകൊണ്ട് ജോലി ചെയ്യണം എന്നതാണ്. ഇതിൽ സഭയിലെ എല്ലാവരും- ശുശ്രൂഷകരും മൂപ്പന്മാരും അഥവാ പാസ്റ്റർമാരും- ഉൾപ്പെടും. (എഫെസ്യർ 4: 28; 1തെസ്സലൊനീക്യർ 4: 11,12; 2. തെസ്സലൊനീക്യർ 3: 8-12). സഭയുടെ പാസ്റ്റർ അഥവാ മൂപ്പന്മാർ ഉൾപ്പടെ എല്ലാവരും സ്വന്ത കൈ കൊണ്ട് വേല ചെയ്യേണ്ടതിൻ്റെ ആവശ്യകതയും അത്തരത്തിൽ വേല ചെയ്യുന്നതിൻ്റെ മഹത്വവും ലേഖനങ്ങളിൽ അപ്പൊസ്തലന്മാർ ഊന്നി പറയുന്നു. ചില വാക്യങ്ങൾ മാത്രം കൊടുക്കുന്നു.

1 തെസ്സ. 4:12 ഒന്നിനും ഒരു കുറവില്ലാത്തവരായിരിക്കുവാനും വേണ്ടി ഞങ്ങൾ നിങ്ങളോടു ആജ്ഞാപിച്ചതുപോലെ ശാന്തരായി ജീവിക്കുവാനും സ്വന്തകർത്തവ്യങ്ങളെ നിറവേറ്റുവാനും സ്വന്തകൈകൊണ്ടു വേല ചെയ്‌വാനും ഉത്സാഹിക്കേണം എന്നുംകൂടി നിങ്ങളെ പ്രബോധിപ്പിക്കുന്നു.

എഫെ. 4:28 മോഷ്ടാവ് ഇനി മോഷ്ടിക്കരുത്; ആവശ്യത്തിലിരിക്കുന്നവർക്ക് സഹായം ചെയ്യുവാനുണ്ടാകേണ്ടതിന് സ്വന്ത കൈകൊണ്ട് അദ്ധ്വാനിച്ച് മാന്യമായ ജോലികൾ ചെയ്യട്ടെ.

2 തെസ്സ. 3: 10 വേലചെയ്‌വാൻ മനസ്സില്ലാത്തവൻ തിന്നുകയുമരുത് എന്നു ഞങ്ങൾ നിങ്ങളോടുകൂടെ ഇരിക്കുമ്പോൾ തന്നെ ആജ്ഞാപിച്ചിട്ടുണ്ടല്ലോ.

1തെസ്സലോനിക്യർ 4:12 ഞങ്ങൾ നേരത്തെ നിങ്ങളോട് ആജ്ഞാപിച്ചതുപോലെ അവനവൻ്റെ ജോലി ചെയ്ത്, നിങ്ങളുടെ ഉപജീവനത്തിനുള്ള വക സമ്പാദിച്ച്, ശാന്തമായി ജീവിക്കുക എന്നതായിരിക്കട്ടെ നിങ്ങളുടെ ലക്ഷ്യം. അങ്ങനെ ജീവിച്ചാൽ വിശ്വാസികളല്ലാത്തവരുടെ ബഹുമാനം നിങ്ങൾ ആർജിക്കും. നിങ്ങളുടെ ആവശ്യങ്ങൾക്ക് ആരെയും ആശ്രയിക്കേണ്ടിവരികയുമില്ല.

=================================================================

**ചോദ്യങ്ങൾ , ഉത്തരങ്ങൾ**

=================================================================

ചോദ്യം 1 - ഇതെല്ലാം വിശ്വാസികളോട് പറയുന്നതല്ലേ ? സഭയുടെ പാസ്റ്റർക്കു ബാധകമാണോ ? 1 കൊരിന്ത്യർ 9:14 ( ("അതുപോലെ കർത്താവും

സുവിശേഷം അറിയിക്കുന്നവർ സുവിശേഷത്താൽ ഉപജീവിക്കേണം എന്നു കല്പിച്ചിരിക്കുന്നു")  പ്രകാരം സഭയുടെ പാസ്റ്റർക്കു ജോലി ചെയ്യാതെ വിശ്വാസികളിൽ നിന്നും പണം വാങ്ങി ഉപജീവിക്കുവാൻ അധികാരം ഇല്ലേ ?

=================================================================

ഉത്തരം :  വാക്യത്തിന്‍റെ സന്ദർഭവും ആരെക്കുറിച്ചാണ് പറയുന്നത് എന്നും മനസ്സിലാക്കാത്തതിനാൽ വളരെയധികം തെറ്റിദ്ധരിക്കപ്പെട്ട ഒരു വാക്യം ആണിത്.  യഥാർത്ഥത്തിൽ ഇത് സഭയിലെ മൂപ്പന്‍റെ  അഥവാ പാസ്റ്ററിന്‍റെ അവകാശം അല്ല, കർത്താവിനാൽ അയക്കപ്പെട്ട അപ്പൊസ്തലന്മാർക്കു മാത്രമുള്ള പ്രത്യേക അധികാരം ആണ്.

എല്ലാവർക്കുമുള്ള പൊതുവായ കല്പന സ്വന്തം കൈകൊണ്ട് ജോലി ചെയ്ത് ഉപജീവിക്കണം എന്നതായിരിക്കുമ്പോൾ തന്നെ കൈകൊണ്ട് വേല ചെയ്യുന്നതിൽ നിന്നും ഒഴിവുള്ളവരായി, സഭയുടെ സപ്പോർട്ടിൽ ഉപജീവനം കഴിക്കുവാനുള്ള  അവകാശം അപ്പൊസ്തലന്മാർക്ക്  മാത്രമാണ് ഉള്ളത്. അതാണ്  1 കൊരിന്ത്യർ 9:14 ൽ  പറയുന്നത്.

അതിന് കാരണം അപ്പൊസ്തലന്മാർ  ഗ്രാമങ്ങളും പട്ടണങ്ങളും ദേശങ്ങളും താണ്ടി യാത്ര ചെയ്ത് സുവിശേഷം അറിയിക്കുന്നവരും സഭകൾ സ്ഥാപിക്കുന്നവരുമാണ് എന്നതാണ്. സ്ഥിരമായി ഒരിടത്ത് ജോലി ചെയ്യുകയെന്നത് അവരെ സംബന്ധിച്ച് പ്രായോഗികം ആയിരുന്നില്ല. അതിനാൽ സഭ അവർക്ക് അവരുടെ യാത്രകളിൽ  സ്ഥിരമായി സാമ്പത്തികമായ സഹായം ചെയ്തിരുന്നു. കർത്താവും ഇതു തന്നെയാണ് കല്പിച്ചത്.

(ലൂക്കോസ് 10: 1 -11) അനന്തരം കർത്താവു വേറെ എഴുപതു പേരെ നിയമിച്ചു, താൻ ചെല്ലുവാനുള്ള ഓരോ പട്ടണത്തിലേക്കും സ്ഥലത്തിലേക്കും അവരെ തനിക്കു മുമ്പായി ഈരണ്ടായി അയച്ചു,  അവരോടു പറഞ്ഞതു:.. മടിശ്ശീലയിൽ പൊന്നും വെള്ളിയും ചെമ്പും വഴിക്കു പൊക്കണവും രണ്ടു ഉടുപ്പും ചെരിപ്പും വടിയും കരുതരുതു; വേലക്കാരൻ തന്‍റെ ആഹാരത്തിന്നു യോഗ്യനല്ലോ.

ഏതു പട്ടണത്തിലോ ഗ്രാമത്തിലോ കടക്കുമ്പോൾ അവിടെ യോഗ്യൻ ആർ എന്നു അന്വേഷിപ്പിൻ; പുറപ്പെടുവോളം അവിടെത്തന്നേ പാർപ്പിൻ.

ലൂക്കോസ് 10: 7 അവർ തരുന്നതു തിന്നും കുടിച്ചും കൊണ്ടു ആ വീട്ടിൽ തന്നേ പാർപ്പിൻ; വേലക്കാരൻ തന്‍റെ കൂലിക്കു യോഗ്യനല്ലോ.

ഇതേ വാക്യങ്ങൾ അനുസ്മരിപ്പിച്ചു കൊണ്ട് അപ്പൊസ്തലന്മാർക്കു ഭൗതിക ജോലി ചെയ്യാതെ സുവിശേഷം കൊണ്ട് ഉപജീവിക്കാൻ അധികാരം ഉണ്ട് എന്ന് പൗലൊസ് സമർത്ഥിക്കുന്നു.

1കൊരിന്ത്യർ 9:1. ഞാൻ സ്വതന്ത്രൻ അല്ലയോ? ഞാൻ അപ്പൊസ്തലൻ അല്ലയോ 6.തിന്നുവാനും കുടിപ്പാനും ഞങ്ങൾക്കു അധികാരമില്ലയോ...അല്ല, വേല ചെയ്യാതിരിപ്പാൻ എനിക്കും ബർന്നബാസിന്നും മാത്രം അധികാരമില്ല എന്നുണ്ടോ?...14. അതുപോലെ കർത്താവും സുവിശേഷം അറിയിക്കുന്നവർ സുവിശേഷത്താൽ ഉപജീവിക്കേണം എന്നു കല്പിച്ചിരിക്കുന്നു.

ശ്രദ്ധിക്കുക ഇവിടെ സുവിശേഷം അറിയിക്കുന്നവർ, വേലക്കാരൻ എന്നൊക്കെ പറയുന്നത് അയക്കപ്പെട്ട അപ്പൊസ്തലൻമാരെയാണ്. കൂലി എന്നത് കൊണ്ട് തിന്നുക കുടിക്കുക പാർക്കുക എന്നിങ്ങനെ യാത്രകളിലെ അടിസ്ഥാന ആവശ്യങ്ങൾ ആണ് ഉദ്ദേശിക്കുന്നത് അല്ലാതെ ആഡംബര ജീവിതം അല്ല. അതായതു അപ്പൊസ്തലന്മാരുടെ കാര്യത്തിൽ പോലും അവരുടെ അടിസ്ഥാന ആവശ്യങ്ങൾ ആണ് സഭ നിറവേറ്റിയിരുന്നത്.

എന്നാൽ അപ്പൊസ്തലന്മാർക്കു മാത്രമല്ല,അപ്പൊസ്തലന്മാരെ പോലെ തന്നെ സഭ അയച്ചിട്ട് സ്ഥിരമായി യാത്ര ചെയ്യുന്ന മിഷനറിമാർക്കും അഥവാ സുവിശേഷകർക്കും അവരുടെ യാത്രകളിൽ ഈ അടിസ്ഥാന ആവശ്യങ്ങൾക്ക് അവകാശമുണ്ട്.

അപ്പൊസ്തലൻ എന്ന പദത്തിന് അയക്കപ്പെട്ടവൻ എന്നാണ് അർഥം . ഇതേ അർഥം ആണ് മിഷനറി എന്നപദത്തിനും ' മിഷനറി എന്ന പദവും മിസൈൽ എന്ന പദവും mittere" എന്ന latin പദത്തിൽ നിന്നാണ് വന്നത്. ഒരു സ്ഥലത്തു നിന്നും ലക്ഷ്യസ്ഥാനത്തേക്ക് കൃത്യമായി അയക്കപ്പെടുക എന്നതാണ് ആ പദത്തിന്റെ അർഥം. അതായതു ഒരു സുവിശേഷകൻ അഥവാ മിഷനറി ഒരു സ്ഥലത്തേക്ക് പോകണം എങ്കിൽ അയയ്ക്കുവാൻ ഒരു സഭ ഉണ്ടായിരിക്കണം, ലക്ഷ്യസ്ഥാനം ഉണ്ടായിരിക്കണം. അങ്ങനെ സഭ അയക്കുന്ന സുവിശേഷകർക്കു അവരുടെ യാത്രകളിൽ അടിസ്ഥാന ആവശ്യങ്ങൾക്ക് അവകാശമുണ്ട്.

എന്നാൽ പ്രാദേശിക സഭയിൽ മാത്രം ശുശ്രൂഷിക്കുന്ന പാസ്റ്റർമാരും മൂപ്പന്മാരും സാധാരണഗതിയിൽ തുടർച്ചയായി യാത്ര ചെയ്യുന്നവർ അല്ല. അവരുടെ ശുശ്രൂഷ പ്രാദേശിക സഭയിൽ മാത്രം ഒതുങ്ങുന്നതാണ്. അതിനാൽ അവർക്കു ഇത് ബാധകമേയല്ല.

ഇത് വ്യക്തമായി മനസ്സിലാക്കുവാൻ ആദിമ സഭയുടെ സഭാപരിപാലന മാതൃക നാം മനസ്സിലാക്കേണ്ടതുണ്ട്.

ആദിമ  സഭയിലെ മൂപ്പന്മാർ അഥവാ പാസ്റ്റർമാർ നാം ഇന്നുള്ള പ്രസ്ഥാനങ്ങളിൽ കാണുന്നതു പോലെ ഏതെങ്കിലും സംഘടനകൾ നിയമിക്കുകയും സ്ഥലം മാറ്റുകയും ചെയ്യുന്നവരോ സംഘടനയുടെ ശമ്പളം കൈപ്പറ്റുന്നവരോ ആയിരുന്നില്ല.

അവർ പ്രാദേശിക സഭയിൽ തന്നെയുള്ള ആത്മീയരായ, പക്വതയുള്ള  മുതിർന്ന സഹോദരന്മാർ ആയിരുന്നു. അവരെ ഏതെങ്കിലും സംഘടന പുറത്തു നിന്നും നിയമിക്കുകയായിരുന്നില്ല, പകരം സഭകൾ സ്ഥാപിക്കുന്ന അപ്പൊസ്തലന്മാർ സഭയിലെ ആത്മീയ സഹോദരന്മാരെ കണ്ടെത്തി അവരെ പരിശീലിപ്പിക്കുകയും  അവരെ സഭയുടെ പരിപാലന ശുശ്രൂഷ ഏല്പിക്കുകയുമായിരുന്നു. അതിനാൽ അവർ സംഘടനയുടെയോ സഭയുടെയോ ശമ്പളക്കാർ ആയിരുന്നില്ല (അപ്പൊസ്തല പ്രവൃത്തികൾ 14:2).

ഓരോ സഭയിലും ഉണ്ടായിരുന്ന ഒന്നിലധികം മൂപ്പന്മാരുടെ പക്കൽ സഭാ പരിപാലനം ഏല്പിക്കുകയായിരുന്നു അപ്പൊസ്തലിക മാതൃക. പ്രാദേശിക സഭയിൽനിന്നും അപ്പൊസ്തലന്മാർ  അതിനു പ്രാപ്തിയുള്ള മൂപ്പന്മാരെ കണ്ടെത്തി എന്നാണ് അതിനർത്ഥം(തീത്തോസ് 1:5).

അപ്പൊസ്തലന്മാർ അവരെ സഹായിച്ചു ശുശ്രൂഷയ്ക്കു പ്രാപ്തരാക്കുകയും അങ്ങനെ പ്രാപ്തി നേടിയവർ സഭയിലെ മറ്റുള്ള സഹോദരന്മാരെ ഭാവി ശുശ്രൂഷയ്ക്ക് ഒരുക്കുകയും ചെയ്തിരുന്നു(എഫെസ്യർ 4:12,13).

അല്ലാതെ ഇന്നത്തെ പോലെ ഏതെങ്കിലും സംഘടനയുടെ  ബൈബിൾ കോളേജിൽ നിന്നും വേദപഠനം നടത്തി പാസ്റ്റർ സർട്ടിഫിക്കറ്റുമായി പുറത്തുവന്ന സംഘടനയുടെ ശമ്പളക്കാരായ ചെറുപ്പക്കാർക്ക്  ദൈവസഭ ഭരിക്കാനും ഇടയ ശുശ്രൂഷ നടത്താനുമുള്ള അധികാരം ദൈവവചനത്തിൽ കാണുന്നതേയില്ല.

ആദിമ സഭയിൽ വിശ്വാസികൾ പ്രാദേശിക സഭയിൽ തന്നെയുള്ള  മുതിർന്ന ഉപദേഷ്ടാക്കന്മാരുടെയും, മൂപ്പന്മാരുടെയും കീഴിൽ വചനം അഭ്യസിക്കുക എന്നതായിരുന്നു പതിവ്. സംഘടനയുടെ അംഗത്വമോ, അംഗീകാരമോ, ബൈബിൾ കോളേജിലെ സർട്ടിഫിക്കറ്റോ ആയിരുന്നില്ല മൂപ്പനോ, ശുശ്രൂഷകനോ ആകുവാനുള്ള യോഗ്യത (എബ്രായർ  5: 12).

പ്രാദേശിക സഭയിലെ തന്നെ മൂപ്പന്മാരിൽ നിന്നും വചനം പഠിക്കുകയും, ജീവിതത്തിലും ശുശ്രൂഷയിലും ഉള്ള ദൈവിക അംഗീകാരം സഭയ്ക്ക് ബോധ്യപ്പെടുകയും, സഭയുടെ അംഗീകാരം ലഭിക്കുകയും ചെയ്യുന്നതായിരുന്നു യോഗ്യത(1.തിമൊഥെയൊസ് 3:1-12).

അതിനാൽ തന്നെ ദൈവസഭയിലെ മൂപ്പന്മാർ, ശുശ്രൂഷകർ എന്നിവർ ശുശ്രൂഷകൾ ചെയ്യുമ്പോൾ അവർ അതുവരെ എന്തു ജോലി ചെയ്തുവോ അത് തുടരുക എന്നത് തികച്ചും സ്വാഭാവികമായിരുന്നു. അല്ലാതെ അന്നുമുതൽ അവർ ചെയ്തുകൊണ്ടിരുന്ന ജോലി വിട്ടിട്ട് സഭയുടെ ചെലവിൽ ജീവിച്ചു തുടങ്ങുകയായിരുന്നില്ല.

======================================================================

ചോദ്യം 2 - അയക്കപ്പെട്ട അപ്പൊസ്തലന്മാർക്കു മാത്രമാണ് സുവിശേഷം കൊണ്ട് ഉപജീവനം നടത്താൻ അധികാരമുള്ളത് എങ്കിൽ സഭയുടെ മൂപ്പൻ / പാസ്റ്റർ എങ്ങനെ ജീവിക്കണം എന്നാണ് ദൈവവചനത്തിലെ ഉപദേശം ?

======================================================================

ഉത്തരം : സഭാ മൂപ്പന്മാർക്കു / പാസ്റ്റർമാർക്ക് അപ്പൊസ്തലർ കൊടുത്ത ഉപദേശവും മാതൃകയും സ്വന്തം കൈ കൊണ്ട് ജോലി ചെയ്യുക എന്നതാണ്.

അപ്പൊസ്തലൻ എന്ന നിലയിൽ ജോലി ചെയ്യാതിരിക്കുവാൻ അവകാശമുള്ള, ഭൂഖണ്ഡങ്ങൾ കടന്നുള്ള യാത്രകൾ ചെയ്തു സഭകൾ സ്ഥാപിച്ച അപ്പൊസ്തലനായ പൗലോസ് പോലും സഭയിലെ മൂപ്പന്മാർക്ക് മാതൃകയായി കൈകൊണ്ട് വേല ചെയ്തു എന്നാണ് ദൈവവചനം പഠിപ്പിക്കുന്നത്.

(അപ്പൊ. പ്രവൃത്തികൾ 20: 17 -35)...മിലേത്തൊസിൽ നിന്നു അവൻ എഫെസൊസിലേക്കു ആളയച്ചു സഭയിലെ മൂപ്പന്മാരെ വരുത്തി......... ആരുടെയും വെള്ളിയോ പൊന്നോ വസ്ത്രമോ ഞാൻ മോഹിച്ചിട്ടില്ല. എന്റെ മുട്ടിനും എന്നോടുകൂടെയുള്ളവർക്കും വേണ്ടി ഞാൻ ഈ കൈകളാൽ അധ്വാനിച്ചു എന്ന് നിങ്ങൾതന്നെ അറിയുന്നുവല്ലോ.

ഇങ്ങനെ പ്രയത്നം ചെയ്തു പ്രാപ്തിയില്ലാത്തവരെ സഹായിക്കയും, വാങ്ങുന്നതിനെക്കാൾ കൊടുക്കുന്നതു ഭാഗ്യം എന്ന് കർത്താവായ യേശു താൻ പറഞ്ഞ വാക്ക് ഓർത്തുകൊൾകയും വേണ്ടത് എന്ന് ഞാൻ എല്ലാംകൊണ്ടും നിങ്ങൾക്കു ദൃഷ്ടാന്തം കാണിച്ചിരിക്കുന്നു.

**ശ്രദ്ധിക്കുക !! ഇവിടെ പൗലോസ് സ്വന്ത കൈ കൊണ്ട് ജോലി ചെയ്തു ദൃഷ്ടാന്തം കാണിക്കുന്നത് സഭയുടെ മൂപ്പന്മാർക്കാണ്. വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നതു ഭാഗ്യം എന്നുള്ള കർത്താവിൻ്**റെ വാക്ക് താൻ ഓർമ്മിപ്പിക്കുന്നത് സഭയുടെ പാസ്റ്റർമാരെയാണ്. ഇത് പ്രസംഗിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുന്ന എത്ര പാസ്റ്റർമാർ ഉണ്ട് എന്ന് വായിക്കുന്നവർ ചിന്തിച്ചു കൊള്ളുക !!!

തങ്ങൾ കഠിനാധ്വാനികൾ ആണ് എന്നും, സ്വന്ത കൈ കൊണ്ട് വേല ചെയ്യുന്നവർ ആണ് എന്നും സഭയുടെ മൂപ്പന്മാരെ പോലെ തങ്ങൾ ശുശ്രൂഷിക്കുന്ന വിശ്വാസികളും അറിയണം എന്ന് ആഗ്രഹിച്ച പൗലോസ് അക്കാര്യം അവരെയും ഓർമ്മിപ്പിക്കുന്നു.

1.തെസ്സലൊനീക്യർ 2:9 സഹോദരന്മാരേ, ഞങ്ങളുടെ കഠിനാദ്ധ്വാനങ്ങൾ നിങ്ങൾ ഓർമ്മിക്കുന്നുണ്ടല്ലോ; നിങ്ങളിൽ ആർക്കും ഭാരമായിത്തീരരുതു എന്നു വെച്ച് ഞങ്ങൾ രാവും പകലും വേല ചെയ്തു കൊണ്ടു നിങ്ങളോടു ദൈവത്തിൻറെ സുവിശേഷം പ്രസംഗിച്ചു.

ഈ മാതൃകയിൽ എല്ലാവരും തങ്ങളെ അനുകരിക്കണം എന്ന് പൌലോസ് സഭയിലെ എല്ലാവരോടും കല്പിക്കുന്നു.

2.തെസ്സലോനിക്യർ 3:8,9 ഞങ്ങൾ നിങ്ങളുടെ ഇടയിൽ അലസമായി നടന്നിട്ടില്ല, ആരുടെയും ആഹാരം വെറുതെ അനുഭവിച്ചിട്ടുമില്ല; നിങ്ങളിൽ ആർക്കും ഭാരമായിത്തീരരുതു എന്നുവച്ച് ഞങ്ങൾ അദ്ധ്വാനത്തോടും പ്രയാസത്തോടും കൂടെ രാപ്പകൽ വേലചെയ്തു പോന്നത് അധികാരമില്ലാഞ്ഞിട്ടല്ല അനുകരിക്കുവാൻ നിങ്ങൾക്ക് ഞങ്ങളെ മാതൃകയാക്കിത്തരേണ്ടതിനത്രേ.

അതെ, വിശ്വാസികൾക്കും പ്രാദേശിക സഭയിലെ മൂപ്പന്മാർക്കും ഒരുപോലെ അപ്പൊസ്തലനായ പൗലോസിൻറെ മാതൃക സ്വന്തകൈ കൊണ്ട് അധ്വാനിക്കുക എന്നതായിരുന്നു. ജോലി ചെയ്യാതെ ഇരിക്കാനുള്ള അധികാരമുണ്ടായിട്ടും അപ്പൊസ്തലനായ താൻ രാപകൽ വേല ചെയ്തു.

ഈ മാതൃക അനുസരിക്കുകയും തങ്ങളെ അനുകരിക്കാൻ ആവശ്യപ്പെടുകയും ചെയ്യുന്ന ദൈവവേലക്കാർ ഈ തലമുറയിൽ ഇല്ലാതെ ആയിരിക്കുന്നു. ദൈവവചനത്തെ കുറിച്ചുള്ള വിശ്വാസികളുടെ അറിവില്ലായ്മയും ദ്രവ്യാഗ്രഹവും ഈ അവസ്ഥക്ക് പ്രധാന കാരണമാണ്.

അപ്പൊസ്തലന്മാരുടെ വിളിയും ശുശ്രൂഷയും പ്രാദേശിക സഭയിലെ മൂപ്പന്മാരുടെ വിളിയും ശുശ്രൂഷയും വ്യത്യസ്തമാണ് എന്ന് കണ്ടല്ലോ. എന്നാൽ ഇന്നുള്ള പല പാസ്റ്റർമാരും, പുരോഹിതന്മാരും അടിസ്ഥാന ആവശ്യങ്ങൾക്ക് പോലും ബാധകമല്ലാത്ത വാക്യങ്ങളെ ദുരുപയോഗം ചെയ്തു വിശ്വാസികളുടെ പണം കൊണ്ട് അത്യാഡംബര ജീവിതം നയിക്കുന്നവരാണ്.

ദൈവവചനം അറിയാത്ത വിശ്വാസികൾ ഇത് മനസ്സിലാക്കുന്നില്ല. വിശ്വാസികൾ ഇത് മനസ്സിലാക്കിയാൽ തങ്ങളുടെ കച്ചവടം പൊളിയും എന്ന് അറിയാവുന്ന പാസ്റ്റർമാരും നേതാക്കളും തങ്ങളുടെ വീടും കാറും ആഡംബര

ജീവിതവും നിലനിർത്തേണ്ടത് വിശ്വാസികളുടെ കടമയാണ് എന്ന് ദൈവവചനത്തെ ദുർവ്യാഖ്യാനം ചെയ്തു പഠിപ്പിക്കുന്നു.

ദൈവവചനത്തെ കുറിച്ചുള്ള അറിവില്ലായ്മ മാത്രമല്ല ജോലി ചെയ്യാതെ പെട്ടെന്നു പണം ഉണ്ടാക്കാനുള്ള പല 'വിശ്വാസി'കളുടെയും ദ്രവ്യാഗ്രഹവും ഈ അവസ്ഥയ്ക്ക് ഒരു വലിയ കാരണമാണ്. ഇത്തരക്കാർക്ക് ആഡംബര ജീവിതത്തിനു പണം കൊടുക്കുന്നവരെ ദൈവം ഭൗതികമായി അനുഗ്രഹിക്കും എന്നുള്ള തെറ്റിദ്ധാരണയിൽ ദ്രവ്യാഗ്രഹികളായ പലരും സാമ്പത്തിക അനുഗ്രഹം ലഭിക്കാൻ ഇവർക്ക് പണം കൊടുക്കുന്നു. ചുരുക്കത്തിൽ അതിബുദ്ധിമാന്മാരായ ദ്രവ്യദാസന്മാരായ നേതാക്കൾ വിഡ്ഢികളും ദ്രവ്യാഗ്രഹികളുമായ അണികളെ ചൂഷണം ചെയ്യുന്നു.

==================================================================

ചോദ്യം 3 . ലേവ്യപുരോഹിതന്മാർക്കു ജോലി ചെയ്യാതെ ജനത്തിൻ്റെ ദശാംശം കൊണ്ട് ഉപജീവിക്കുവാൻ അധികാരം ഉണ്ടായിരുന്നല്ലോ, അതിനാൽ ഇന്നുള്ള പാസ്റ്റർമാർക്കും ആ അധികാരം ഇല്ലേ ?

==================================================================

ഉത്തരം : ജോലി ചെയ്യാതെ വിശ്വാസികളുടെ ചെലവിൽ മാത്രം ജീവിക്കുവാനുള്ള ന്യായമായി പലരും എടുക്കുന്നത് ലേവ്യ പുരോഹിതന്മാരുടെ ഉദാഹരണമാണ് എന്നാൽ ലേവ്യപൗരോഹിത്യവും അനുബന്ധ പൗരോഹിത്യ ശുശ്രൂഷകളും, ദശാംശ വ്യവസ്ഥിതിയും യേശുക്രിസ്തുവിൻ്റെ ക്രൂശുമരണത്തോടെ നീക്കപ്പെട്ടു. പുതിയ നിയമ സഭയുടെ മൂപ്പന്മാർ ലേവ്യപൗരോഹിത്യത്തിൻ്റെ പിന്തുടർച്ചക്കാർ അല്ല.

പഴയ നിയമത്തിലെ ലേവ്യ പുരോഹിതന്മാർക്ക് മറ്റുള്ള ഇസ്രായേല്യരുടെ ദശാംശത്താലും, വഴിപാടിനാലും ജീവിക്കാനുള്ള അവകാശം ഉണ്ടായിരുന്നു. അവർക്കു ഭൂമി കൃഷി ചെയ്യാൻ ഇല്ലാത്തതിന് പകരമായി ബാക്കിയുള്ള എല്ലാ ഇസ്രായേല്യരും തങ്ങളുടെ ലാഭത്തിന്റെ പത്തിലൊന്ന് (വിളകൾ അല്ലെങ്കിൽ മൃഗങ്ങൾ) ലേവ്യ പുരോഹിതന്മാരുടെ ജീവിതച്ചെലവിനും, ദൈവാലയത്തിലെ പൗരോഹിത്യ ശുശ്രൂഷക്കുള്ള പ്രതിഫലമായും നൽകണം എന്നുള്ളത് നിയമമായിരുന്നു.

എന്നാൽ യേശുക്രിസ്തുവിൻ്റെ ക്രൂശുമരണത്തോടെ ഭൗതിക ദൈവാലയത്തിന്റെ പ്രസക്തി നഷ്ടപ്പെട്ടു. അതോടൊപ്പം ലേവ്യ പൗരോഹിത്യവും അതിൻ്റെ ഭാഗമായ ദശാംശ രീതിയും നീക്കപ്പെട്ടു. ഇന്ന്

ദൈവമക്കളുടെ കൂട്ടായ്മയായ ദൈവസഭ ആണ് ആത്മിക ദൈവാലയം, അത് പോലെ വീണ്ടും ജനിച്ച എല്ലാ വിശ്വാസികളും ദൈവസഭയിൽ അവരവരുടെ ശുശ്രൂഷകൾ നിർവഹിക്കുന്ന പുരോഹിതന്മാർ ആണ്. അവരിൽ നിന്നും സഭാ പരിപാലനത്തിന് ദൈവത്താൽ നിയമിക്കപ്പെട്ടവർ ആണ് മൂപ്പന്മാർ.അല്ലാതെ മൂപ്പന്മാർക്കു മാത്രമായി പ്രത്യേക പൗരോഹിത്യം ഇല്ല.(എബ്രായർ 4:16; 8:11; 10:19;7:5,12; 1 പത്രോസ് 2: 5; വെളിപ്പാടു 1: 6, റോമർ 7: 4)

പഴയനിയമ പൗരോഹിത്യത്തിൻ്റെ പിൻതുടർച്ചയോ അത് പിന്തുടരുന്ന എപ്പിസ്കോപ്പൽ സഭകളിലെ 'ശുശ്രൂഷാ പൗരോഹിത്യമോ' ഇന്നുള്ളതു പോലെ സംഘടനകൾ നിയമിക്കുന്ന ഏകാംഗ പാസ്റ്റർ വ്യവസ്ഥിതിയോ ആദിമസഭയിൽ ഇല്ലായിരുന്നു.അതിനാൽ തന്നെ ദശാംശം വാങ്ങുവാനുള്ള അവകാശവും ഇന്ന് നിലനിൽക്കുന്നില്ല.

===================================================================

ചോദ്യം 4 : ഒരു പ്രാദേശിക ദൈവസഭയിലെ ആത്മികവും , ഭൗതികവുമായ എല്ലാ കാര്യത്തിനും ഉത്തരവാദിത്വം ഉള്ള വ്യക്തി എന്ന നിലയിൽ ഒരു പാസ്റ്റർക്കു ശുശ്രൂഷയോടൊപ്പം ഭൗതിക ജോലി ചെയ്യാൻ സാധ്യമാണോ ?

===================================================================

ഉത്തരം :ഒരു പ്രാദേശിക ദൈവസഭയിലെ ആത്മികവും , ഭൗതികവുമായ എല്ലാ കാര്യത്തിനും ഉത്തരവാദിത്വം സഭയുടെ മൂപ്പനു മാത്രമല്ല. ആദിമ സഭയുടെ ഘടനയും പ്രവർത്തനരീതിയും എങ്ങനെയായിരുന്നു എന്നറിയാത്തതിനാൽ ഉയരുന്ന ഒരു ചോദ്യം ആണ് ഇത്.

ആദിമസഭയിൽ ഏറ്റവും ചുരുങ്ങിയത് രണ്ടു പേർ എങ്കിലും ഓരോ പ്രാദേശികസഭകളിലും അജപാലനത്തിനു മൂപ്പന്മാരായി ഉണ്ടായിരുന്നു. അവർ ഉത്തരവാദിത്വങ്ങൾ പങ്കു വച്ചിരുന്നു. അതു പോലെ വിവിധ കൃപാവര പ്രാപ്തരായ ഒന്നിലധികം ശുശ്രൂഷകൻമാരും ഓരോ സഭയിലുമുണ്ടായിരുന്നു. അതിനാൽ സഭയിലെ എല്ലാ കാര്യങ്ങളും, ആത്മീയവും ഭൗതികവുമായ എല്ലാ ശുശ്രൂഷയും ഒരേയൊരു പാസ്റ്ററുടെയോ പുരോഹിതൻ്റെയോ മാത്രം ചുമതലയിലായിരുന്നില്ല.

ഇന്നുള്ള സഭകളിൽ എല്ലാ ആത്മീയ ശുശ്രൂഷകളും പാസ്റ്റർ അഥവാ പുരോഹിതൻ എന്ന ഏക വ്യക്തി തന്നെയാണ് ചെയ്യുന്നത്. സഭായോഗം പ്രാർത്ഥിച്ചു തുടങ്ങുന്നത് മുതൽ വചനശുശ്രൂഷ ഉൾപ്പെടെ ആശീർവാദം വരെ എല്ലാ ആത്മീയ ശുശ്രൂഷകളും ഇദ്ദേഹം തന്നെ ആണ് ചെയ്യുന്നത്.

ഇതു മാത്രമല്ല വചനത്തിൽ ഇല്ലാത്ത ഭൗതിക ശുശ്രൂഷകൾ - ഉദാഹരണത്തിന് വീടിന് കുറ്റിയടിക്കൽ, കട്ടിളവെപ്പ്, ഉദ്ഘാടനം, ശിശു പ്രതിഷ്ഠ, വാഹന പ്രതിഷ്ഠ, ഭവന പ്രതിഷ്ഠ, വിവാഹം, സംസ്കാരം എന്നുവേണ്ട വിശ്വാസികളുടെ ജീവിതത്തിലെ സമസ്ത മേഖലകളിലും നടക്കുന്ന ചെറുതും വലുതുമായ എല്ലാ ആത്മീയ ഭൗതിക ശുശ്രൂഷകളും - നടത്തുവാൻ അധികാരപ്പെട്ടവർ  ഇവർ  മാത്രമാണ്.

എന്നാൽ ആദിമ സഭയിൽ അങ്ങനെ ആയിരുന്നില്ല. സഭ ഒരു ശരീരം പോലെ കൂട്ടായി പ്രവർത്തിക്കുകയും, രാജകീയ പുരോഹിതന്മാരായ എല്ലാവരും ശുശ്രൂഷകൾ പങ്കുവയ്ക്കുകയും ചെയ്തിരുന്നു. അതിൻ്റെ മേൽനോട്ടം ആയിരുന്നു മൂപ്പന്മാരുടെ പ്രധാന ചുമതല. പുതിയ നിയമ ദൈവസഭയിലെ ശുശ്രൂഷകൾ ഒന്നും തന്നെ ഒരു പക്ഷത്തുനിന്ന് മാത്രം നിർവഹിക്കപ്പെടുന്ന വൺവേ സമ്പ്രദായം അല്ല, മറിച്ച് അന്യോന്യം നിർവഹിക്കപ്പെടുന്നതാണ്. ഈ യാഥാർത്ഥ്യം ആണ് അപ്പൊസ്തലനായ പത്രൊസ് ലേഖനത്തിൽ കൂടി നമ്മെ ഓർമ്മപ്പെടുത്തുന്നത്.

ഓരോരുത്തനു വരം ലഭിച്ചതുപോലെ വിവിധമായുള്ള ദൈവകൃപയുടെ നല്ല ഗൃഹവിചാരകന്മാരായി അതിനെക്കൊണ്ട് അന്യോന്യം ശുശ്രൂഷിപ്പിൻ (1പത്രോസ് 4: 10, 11).

ഈ  കാരണങ്ങളാൽ പ്രാദേശിക സഭയിൽ മാത്രം ഒതുങ്ങുന്ന ശുശ്രൂഷ ചെയ്യുന്ന മൂപ്പന്മാരും ശുശ്രൂഷകൻമാരും സഭയിലെ ചുമതലകൾ വഹിക്കുന്നതിനോടൊപ്പം ഭൗതിക ജോലിയും ചെയ്യുക എന്നത് ദൈവവചനാനുസൃതവും അപ്പൊസ്തലന്മാർ അവർക്ക് കൊടുത്ത പ്രായോഗിക മാതൃകയും ആകുന്നു.

സ്വന്തം കൈ കൊണ്ട്  അധ്വാനിച്ചിരുന്നതിനാൽ അവർക്ക്  പണത്തിന് മറ്റുള്ളവരെ ആശ്രയിക്കേണ്ടി വന്നിരുന്നില്ല. അവർ ദൈവത്തെ മാത്രം പ്രസാദിപ്പിക്കുന്ന ദൈവദാസന്മാർ ആയിരുന്നു.

പണത്തിനു വേണ്ടി മനുഷ്യരെ പ്രസാദിപ്പിക്കുന്ന, മറ്റുള്ളവരുടെ മുമ്പിൽ ദൈവനാമം ദുഷിക്കപ്പെടുന്നതിനിടയാക്കുന്ന പല ദ്രവ്യ ദാസന്മാരും അപ്പൊസ്തല മാതൃക കണ്ടില്ലെന്നു നടിക്കുന്നവരും അത് അനുസരിക്കുവാൻ മനസ്സില്ലാത്തവരുമാണ്.

==================================================================

ചോദ്യം 5   - പ്രാദേശിക ദൈവസഭയിലെ പാസ്റ്റർമാർ വിശ്വാസികളിൽ നിന്നും ഒരു സാമ്പത്തിക സഹായവും സ്വീകരിക്കാൻ പാടില്ല എന്നാണോ പറയുന്നത്?
==================================================================

ഉത്തരം : അല്ല.  പ്രാദേശിക സഭയിൽ മാത്രം ശുശ്രൂഷ ചെയ്യുന്ന മൂപ്പന്മാരും ശുശ്രൂഷകൻമാരും വിശ്വാസികളിൽ  നിന്നു സാമ്പത്തികമായ ഒരു സഹായവും സ്വീകരിക്കാൻ പാടില്ല എന്ന് ദൈവവചനം പഠിപ്പിക്കുന്നില്ല, പകരം അത് സ്വീകരിക്കാം എന്നാണ് ദൈവവചനം പഠിപ്പിക്കുന്നത്. എന്നാൽ അത് കൊണ്ട് മാത്രം ഉപജീവിക്കുവാനോ ജോലി ചെയ്യാതിരിക്കാനുള്ള ഒഴികഴിവ് ആയോ ദൈവവചനം പഠിപ്പിക്കുന്നില്ല.

പ്രാദേശിക സഭയിലെ മൂപ്പന്മാർ വചനത്തിലും പ്രസംഗത്തിലും (അതായത് സഭയ്ക്കുള്ളിലെ വചന ശുശ്രൂഷയിലും  പുറത്തുള്ള സുവിശേഷ പ്രസംഗത്തിലും ) കൂടുതൽ അധ്വാനിക്കുന്നവർ ആണ് എങ്കിൽ, അവരെ അധികം മാനിക്കണമെന്നും സ്നേഹത്തോടെ കരുതണമെന്നും ഭൌതിക നന്മകൾ അവരുമായി പങ്കുവയ്ക്കണം എന്നും  ദൈവ വചനം പഠിപ്പിക്കുന്നു. വചനം പഠിക്കുന്നവർ പഠിപ്പിക്കുന്നവർക്കു അവരുടെ നന്മയിൽ നിന്നും ഓഹരി കൊടുക്കണം എന്നു ദൈവവചനം പറയുന്നു. (1 തിമൊഥെയൊസ് 5:17,18; ഗലാത്യർ 6: 6)

എന്നാൽ ഇതു ജോലി ചെയ്യാതെ സ്ഥിരമായി സഭയുടെ ചെലവിൽ മാത്രം ജീവിക്കുവാനുള്ള ഒഴികഴിവ് അല്ല. നാം കണ്ടത് പോലെ ജോലി ചെയ്യാതെ വിശ്വാസികളിൽ നിന്നുള്ള സാമ്പത്തിക സഹായത്താൽ ജീവിക്കാൻ അധികാരമുള്ള അപ്പൊസ്തലൻ സ്വന്തം കൈകൾ കൊണ്ട് ജോലി ചെയ്ത് ദൈവസഭയിലെ മൂപ്പന്മാർക്ക് അനുകരിക്കാൻ ഒരു ഉത്തമ മാതൃക നൽകിയിരിക്കുന്നു.

മാത്രമല്ല, താൽക്കാലിക സാമ്പത്തിക സഹായമായാലും  വിശ്വാസികളിൽ നിന്നോ തങ്ങളുടെ ശുശ്രൂഷയിൽ കൂടി ആത്മികമായി അനുഗ്രഹിക്കപ്പെട്ടവരിൽ നിന്നോ അല്ലാതെ സ്വീകരിക്കുന്നത് ദൈവവചനം വ്യക്തമായി വിലക്കുന്നു (3 യോഹ. 1:7, 1 കൊരി. 9:11).

എല്ലാ കാര്യത്തിലും പൊതുതത്വവും ( Rule ) പ്രത്യേക സാഹചര്യങ്ങളിൽ ഇളവും ( exception ) ഉണ്ട്. ഒരു സഭയുടെ അനിതരസാധാരണമായ സാഹചര്യത്തിൽ ഭൌതിക ജോലി ചെയ്യാതെ പ്രാദേശിക സഭയിൽ മാത്രം ശുശ്രൂഷിക്കുകയും സഭയുടെ സാമ്പത്തിക സഹായത്താൽ മാത്രം ജീവിക്കുകയും ചെയ്യുന്ന മൂപ്പൻമാർ   ഉണ്ടാകാം.എന്നാൽ അത് ഒരു പൊതുതത്വമായി എടുക്കാൻ കഴിയില്ല. ആദിമ ദൈവസഭയിൽ അങ്ങനെ ആയിരുന്നില്ല.

എന്നാൽ ഇന്ന് ദൈവസഭയിലെ മൂപ്പൻ അല്ലെങ്കിൽ പാസ്റ്റർ ജോലി ചെയ്യാതെ സഭയുടെ വരുമാനം കൊണ്ട് മാത്രം ജീവിക്കുകയെന്നത്  പൊതു തത്വവും സാധാരണവും ജോലി ചെയ്യുന്നത് അത്യപൂർവ്വമായ കാര്യവുമാണ്.

ചുരുക്കത്തിൽ പുതിയ നിയമത്തിൽ ജോലി ചെയ്യാതെ സഭയുടെ വരുമാനം കൊണ്ട് മാത്രം ജീവിക്കുവാനുള്ള ഒഴിവു ദൈവസഭയിലെ മൂപ്പന്മാർക്കു അഥവാ പാസ്റ്റർമാർക്ക് ഇല്ല. തങ്ങളുടെ ആത്മീയ ശുശ്രൂഷകൾ മൂലം ആത്മികമായി അനുഗ്രഹിക്കപ്പെട്ട വിശ്വാസികളിൽ നിന്നു മാത്രം അവർക്കു അത്യാവശ്യ സഹായം സ്വീകരിക്കാനുള്ള അനുവാദം ഉണ്ട് എങ്കിലും, പൂർണ്ണമായും വിശ്വാസികളുടെ ചെലവിൽ ജീവിക്കുവാനോ, ജോലി ചെയ്യാതെ ഇരിക്കുവാനോ, അവിശ്വാസികളിൽ നിന്നോ തങ്ങളുടെ ശുശ്രൂഷയിൽ ആത്മീയ അനുഗ്രഹം പ്രാപിച്ചിട്ടില്ലാത്ത വിശ്വാസികളിൽ നിന്നു ഏതെങ്കിലും സാമ്പത്തിക സഹായം സ്വീകരിക്കാനോ ദൈവവചനത്തിൽ അവർക്കു വ്യവസ്ഥ ഇല്ല.

=====================================================================

ചോദ്യം 6  - ദൈവം ചിലരെ 'പൂർണ്ണസമയ' സുവിശേഷ വേലക്കു വിളിച്ചാൽ അവർക്കു ഭൗതിക ജോലി ചെയ്യാൻ കഴിയുമോ ?

=====================================================================

ഉത്തരം : ദൈവവചനത്തിൽ ഫുൾ ടൈം , പാർട്ട് ടൈം എന്നിങ്ങനെ വേർതിരിച്ചുള്ള ദൈവവേല ഇല്ല. ദൈവിക ശുശ്രൂഷ മാത്രമേ ഉള്ളൂ. ഭൗതികമായ ജോലികൾ ഒന്നും ചെയ്യാതെ ഇരിക്കുന്നതിന് ചിലർ പറയുന്ന ന്യായം മാത്രമാണ് 'ദൈവം അവരെ പൂർണ്ണ സമയ സുവിശേഷ വേലയ്ക്ക് വിളിച്ചതിനാൽ' അവർ ജോലി ചെയ്യില്ല എന്നത്.

മാത്രമല്ല ഫുൾ ടൈം മിനിസ്ട്രി ചെയ്യുന്നു എന്ന് പറയുന്ന ആരും ഫുൾ ടൈം അഥവാ 24 മണിക്കൂർ സുവിശേഷവേല ചെയ്യുന്നവർ അല്ല എന്ന് നമുക്ക് അറിയാം. അത് മനുഷ്യ സാധ്യവുമല്ല.

സാധാരണ ഭൗതിക ജോലി ചെയ്യുന്നവർ ദിവസേന എട്ടു മണിക്കൂർ വച്ച് ആറു ദിവസം ജോലി ചെയ്യുന്നവരാണ്. പക്ഷെ പൂർണ്ണസമയ മിനിസ്ട്രി ചെയ്യുന്നു എന്നു പറയുന്ന പലരും ദിവസം രണ്ടു മണിക്കൂർ പോലും സുവിശേഷവേല ചെയ്യുന്നില്ല എന്നത് ഒരു യാഥാർത്ഥ്യം ആണ്.

ചുരുക്കത്തിൽ അവർ ജോലിയോ സുവിശേഷവേലയോ ചെയ്യാതെ മറ്റുള്ളവരെ ആശ്രയിച്ചു അവിശ്വാസികളുടെ മുൻപിൽ ദൈവനാമത്തിനു

ദോഷമായി ജീവിക്കുന്നു. ആരും അങ്ങനെ ആകരുത് എന്ന് അപ്പൊസ്തലന്മാർ കല്പിച്ചിരുന്നു.

1തെസ്സലോനിക്യർ 4:12 ഞങ്ങൾ നേരത്തെ നിങ്ങളോട് ആജ്ഞാപിച്ചതുപോലെ അവനവന്റെ ജോലി ചെയ്ത്, നിങ്ങളുടെ ഉപജീവനത്തിനുള്ള വക സമ്പാദിച്ച്, ശാന്തമായി ജീവിക്കുക എന്നതായിരിക്കട്ടെ നിങ്ങളുടെ ലക്ഷ്യം. അങ്ങനെ ജീവിച്ചാൽ വിശ്വാസികളല്ലാത്തവരുടെ ബഹുമാനം നിങ്ങൾ ആർജിക്കും. നിങ്ങളുടെ ആവശ്യങ്ങൾക്ക് ആരെയും ആശ്രയിക്കേണ്ടിവരികയുമില്ല.

പൗലോസിന്റെ ഈ അപ്പൊസ്തലിക ഉപദേശം അനുസരിക്കാത്തതിനാൽ ഇന്ന് പലർക്കും  മറ്റുള്ളവരെ ആശ്രയിച്ചു ജീവിക്കേണ്ടി വരുന്നു. വിശ്വാസികൾ അല്ലാത്തവരിൽ നിന്നും ബഹുമാനവും ലഭിക്കുന്നില്ല.യഥാർത്ഥത്തിൽ വിശ്വാസികൾ അല്ലാത്തവരിൽ നിന്നും ബഹുമാനം ലഭിക്കുന്നില്ല എന്നതിലുപരി  പലപ്പോഴും ദൈവവേല എന്നത് വെറും പണസമ്പാദനമാർഗ്ഗം ആണ് എന്ന്  വിശ്വാസികൾ അല്ലാത്തവർക്ക് തോന്നുവാനും അത് വഴി ദൈവനാമം ദുഷിക്കപ്പെടുവാനും ഇത്തരക്കാർ ഇടയാക്കിയിട്ടുണ്ട്.

ഇന്ന് ഫുൾടൈം മിനിസ്ട്രി ചെയ്യുന്നു എന്ന് പറയുന്നവർക്ക് പലർക്കും തീർച്ചയായും ഒരു പാർട്ടൈം ജോലി എങ്കിലും ചെയ്യാവുന്നവരാണ്. എന്നാൽ അതിനുള്ള സമയം ഉണ്ട് എങ്കിലും, സുവിശേഷവേല ചെയ്യുന്നവർ ജോലി ചെയ്യാൻ പാടില്ല എന്ന തെറ്റായ ധാരണ നിമിത്തം പലരും ഒരു ജോലിയും ചെയ്യാത്തവരായി മടിയന്മാരും അലസന്മാരും മറ്റുള്ളവരെ ആശ്രയിച്ചു ജീവിക്കുന്നവരും  ആയിത്തീരുന്നു.

ചുരുക്കത്തിൽ ചിലരുടെ എങ്കിലും  കാര്യത്തിൽ ഫുൾ ടൈം സുവിശേഷ വേല എന്നത് ഫുൾ ടൈം ജോലി ചെയ്യാതെ, മറ്റുള്ളവരെ ആശ്രയിച്ചു ജീവിക്കുക എന്നതിന്റെ പര്യായം ആയി മാറിയിരിക്കുന്നു. ഇങ്ങനെയുള്ളവരോട് അകന്നു മാറുവാൻ അപ്പൊസ്തലന്മാർ പ്രബോധിപ്പിക്കുന്നു.

2. തെസ്സലൊനീക്യർ 3:10,11 ഞങ്ങൾ നിങ്ങളോടൊപ്പം ആയിരുന്നപ്പോൾ  “ജോലി ചെയ്യാൻ മനസ്സില്ലാത്തവൻ ഭക്ഷിക്കരുത്” എന്നൊരു കൽപ്പന നിങ്ങൾക്കു നൽകിയിരുന്നല്ലോ.  നിങ്ങളിൽ ചിലർ മറ്റുള്ളവരുടെ കാര്യങ്ങളിൽ ഇടപെട്ട് ഒരു ജോലിയും ചെയ്യാതെ അലസരായി നടക്കുന്നുണ്ടെന്ന് ഞങ്ങൾ കേൾക്കുന്നു. അവരോട് ശാന്തതയോടെ ജോലിചെയ്ത് തങ്ങളുടെ ഭക്ഷണം നേടണമെന്നു കർത്താവായ യേശുക്രിസ്തുവിന്റെ പേരിൽ ഞങ്ങൾ ആജ്ഞാപിക്കുകയും അഭ്യർഥിക്കുകയും ചെയ്യുന്നു. ഈ ലേഖനത്തിലുള്ള ഞങ്ങളുടെ വാക്ക് അനുസരിക്കാത്തവൻ നാണിക്കേണ്ടതിന് അവനോടുള്ള സംസർഗ്ഗം വിട്ടു അവനെ വേർതിരിപ്പിൻ.

ആത്മാർഥമായി സുവിശേഷ വേല ചെയ്യുന്നവരുടെ കാര്യം അല്ല ഇവിടെ പരാമർശിക്കുന്നത്. ദൈവത്താൽ വിളിക്കപ്പെട്ടു ദൈവസഭയാൽ അയക്കപ്പെട്ടു ആത്മാർത്ഥമായി ത്യാഗ മനോഭാവത്തോടെ പ്രവർത്തിക്കുന്ന അനേകം സുവിശേഷകർ ഉണ്ട്. അങ്ങനെ ഉള്ളവരും തങ്ങൾക്കു കഴിയുന്ന ജോലി ചെയ്യേണ്ടതാണ്. അവരെ അയച്ച സഭ അവരെ സഹായിക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ അവർക്ക് കൂടി പേരുദോഷം ഉണ്ടാക്കുന്ന, മറ്റുള്ളവരുടെ കാര്യങ്ങളിൽ ഇടപെട്ട് ഒരു ജോലിയും ചെയ്യാതെ അലസരായി നടക്കുന്നവരുടെ കാര്യമാണ് പറയുന്നത്.

യഥാർത്ഥത്തിൽ ദൈവത്തിന്റെ വിളി എന്നത് ഭൗതിക ജോലി ചെയ്യാതിരിക്കാനോ, ചെയ്യാനോ ഉള്ള വിളിയല്ല എന്നത് പലർക്കും അറിയില്ല. ദൈവത്തിൻ്റെ വിളിയും ഭൗതിക ജോലിയും തമ്മിൽ ഒരു ബന്ധവുമില്ല.

ദൈവിക വിളി, അഥവാ നിയമനം ശുശ്രൂഷക്ക് വേണ്ടിയാണ്. വിളിയുടെ പ്രത്യേകത അനുസരിച്ച്, വേലയുടെ സാഹചര്യം അനുസരിച്ച് ചിലപ്പോൾ ചിലർക്ക് അവർ ചെയ്യുന്ന ജോലി മാറുകയോ ഒരു പക്ഷേ വിടുകയോ ചെയ്യേണ്ടി വന്നേക്കാം എന്ന് മാത്രം. അല്ലാതെ ജോലി ചെയ്യാതെ ഇരിക്കുവാൻ മാത്രം ഒരു വിളിയുമില്ല. (അപ്പൊ. പ്രവൃത്തികൾ 13:2, മത്തായി 4 :19).

എൻ്റെ അനുഭവത്തിൽ ഫുൾ ടൈം മിനിസ്ട്രിക്കു ദൈവം വിളിച്ചിരിക്കുന്നു എന്ന് പറയുന്ന പലരും ദൈവം വിളിച്ചതു കൊണ്ടല്ല, സുവിശേഷ വേല മേലനങ്ങാതെ പണ സമ്പാദനത്തിനു നല്ല മാർഗ്ഗം ആണ് എന്ന് കണ്ടു ഇറങ്ങിയ 'വേലക്കാർ' ആണ്.

മറ്റു ചിലർ ആത്മാർഥതയോടെ ആണ് എങ്കിലും ചില പ്രസംഗകരുടെ പ്രേരണയാൽ ഉള്ള ജോലി ഉപേക്ഷിച്ചോ, പഠന ശേഷം ജോലിക്കു പോകാതെയോ സുവിശേഷ വേലക്ക് ഇറങ്ങുന്നവർ ആണ്. ഇത്തരക്കാർ വളരെ വർഷങ്ങൾ വൈകിയ ശേഷം ഇത് തെറ്റായ തീരുമാനം ആയിരുന്നു എന്ന് തിരിച്ചറിയുന്നു. പിന്നീട് ഒരു ജോലി ലഭിക്കാത്തതിനാൽ 'സുവിശേഷ വേല' ഉപജീവന മാർഗ്ഗം ആയി തുടരുന്നവരും ഉണ്ട്.

അതിനാൽ ഒരു ഭൗതിക ജോലി ഉപേക്ഷിച്ചു സുവിശേഷ വേലയ്ക്കു ഇറങ്ങുന്നവർ നിങ്ങളെ വ്യക്തമായി ദൈവം അതിനായി വിളിച്ചുവോ എന്ന് ഉറപ്പു വരുത്തുക. അല്ലെങ്കിൽ ഇന്നുള്ള അനേക ' ഫുൾ ടൈം ' ശുശ്രൂഷകരെ പോലെ നിങ്ങൾ നിമിത്തം ദൈവനാമം ദുഷിക്കപ്പെടുവാൻ ഇട വരും .

സത്യത്തിൽ ഇന്ത്യയിലും, കേരളത്തിലും ദൈവനാമം ജാതികളുടെ ഇടയിൽ വളരെയധികം ദുഷിക്കപ്പെട്ടതിനു ഒരു പ്രധാന കാരണം, ദൈവം മനുഷ്യന് നൽകിയ ആദ്യത്തെ കല്പനകളിൽ ഒന്നായ വിയർപ്പോടെ അപ്പം ഭക്ഷിക്കുക

എന്ന കല്പന അനുസരിക്കാതെ, മേലനങ്ങാതെ വിശ്വാസികളെ ചൂഷണം ചെയ്തു ജീവിക്കുന്ന, സുവിശേഷത്തെ കച്ചവടമാക്കിയ, ദൈവാലയത്തെ കച്ചവടസ്ഥലവും കള്ളന്മാരുടെ ഗുഹയും ആക്കിയ ദ്രവ്യദാസന്മാരായ കള്ള അപ്പൊസ്തലന്മാർ ആണ്.അതിനാൽ പൗലൊസിനെ പോലെ സ്വന്ത കൈ കൊണ്ട് വേല ചെയ്തു കൊണ്ട് സുവിശേഷം അറിയിക്കുന്ന മാതൃകയുള്ളവർ ഈ കാലത്തു വളരെ ആവശ്യം.

==================================================================

ചോദ്യം 7 - ഒരു ഭൗതിക ജോലി ചെയ്യുക അസാധ്യമാകും വിധം വേലയിൽ തിരക്കുള്ള സുവിശേഷകർ ഇല്ലേ ?

==================================================================

ഉത്തരം : തീർച്ചയായും സ്ഥിരമായി ഒരു സ്ഥലത്തു ജോലി ചെയ്യാൻ കഴിയാത്ത സുവിശേഷകർ ഉണ്ടാകാം. എന്നാൽ ഇന്നത്തേത് പോലുള്ള യാത്രാ സൗകര്യങ്ങളോ ഉന്നത സാങ്കേതികവിദ്യകളോ ഒന്നുമില്ലാതിരുന്ന കാലത്തു ഭൂഖണ്ഡങ്ങൾ കടന്നുള്ള യാത്രകൾ ചെയ്തു സഭകൾ സ്ഥാപിച്ച അപ്പൊസ്തലൻ ആയ പൗലൊസ് ചെന്നിടത്തൊക്കെയും കഴിയുന്നിടത്തോളം സ്വന്തം കൈകൾ കൊണ്ട് ജോലി ചെയ്തിരുന്നു എന്നത് മറക്കരുത്.

**ഒരു ജോലിയും ഒരിക്കലും ചെയ്യാനാവാതെ വണ്ണം സുവിശേഷ വേലയിൽ പൂർണ്ണസമയം തിരക്കുള്ളവരാണെന്ന് അവകാശപ്പെടുന്നവർ പൗലൊസിനേക്കാൾ തിരക്കുള്ള സുവിശേഷകർ ആയിരിക്കണം**.എന്നാൽ പൗലൊസിനേക്കാൾ തിരക്കുള്ളത് കൊണ്ടല്ല, പൗലൊസിനെ പോലെ സ്വന്ത കൈ കൊണ്ട് ജോലി ചെയ്യാൻ തയ്യാർ അല്ലാത്തതിനാലോ, അങ്ങനെ ചെയ്യുന്നത് തെറ്റാണു എന്ന ചിന്താഗതിയാലോ ആണ് മിക്കവരും തങ്ങൾക്കു കഴിയുന്ന ജോലി പോലും ചെയ്യാൻ തയ്യാർ ആകാത്തത്.

എന്നാൽ കള്ള അപ്പൊസ്തലന്മാരിൽ നിന്നും വ്യത്യസ്തൻ ആണ് എന്നതിന് തെളിവായി പൗലൊസ് പ്രശംസയായി പറയുന്നത് താൻ സ്വന്തം കൈയാൽ അധ്വാനിച്ചു കൊണ്ട് സുവിശേഷം സൗജന്യമായി പ്രസംഗിക്കുന്നു എന്നതാണ് (2 കൊരി. 11:7-15). അതിനാൽ തന്നെ ഇന്ന് ഇന്ത്യയിലും കേരളത്തിലും പൗലൊസിനെപ്പോലെ സ്വന്തം കൈ കൊണ്ട് അധ്വാനിക്കുന്നു എന്ന് അഭിമാനത്തോടെ പറയാൻ കഴിയുന്ന യഥാർത്ഥ ദൈവദാസന്മാരെയാണ് ആവശ്യം. യഥാർത്ഥ ദൈവ ശുശ്രൂഷകനെ തിരിച്ചറിയാനുള്ള ഒരു മാർഗ്ഗവും ഇതാണ്.

================================================================

ചോദ്യം 8 - ഈ ലേഖനം സുവിശേഷത്താൽ ഉപജീവനം നടത്തുന്ന എല്ലാ പാസ്റ്റർമാരെയും അടച്ചാക്ഷേപിക്കുന്നതല്ലേ? വിശ്വാസികളുടെ പണത്താൽ ഉപജീവനം നടത്തുന്നവർ യഥാർത്ഥ ദൈവദാസന്മാർ അല്ല എന്നാണോ ഉദ്ദേശിക്കുന്നത് ?

================================================================

ഉത്തരം : ആമുഖത്തിൽ പറഞ്ഞത് പോലെ ആത്മാർഥമായി ദൈവമുഖം മാത്രം നോക്കി സുവിശേഷ വേല ചെയ്യുന്ന അനേകർ എല്ലാ സഭകളിലും ഉണ്ട്. അവരിൽ പലരും ത്യാഗപൂർണ്ണമായി ദൈവവേല ചെയ്യുന്നവരും ആണ്. അവർ യഥാർത്ഥ ദൈവദാസന്മാർ തന്നെയാണ്. എന്നാൽ അവരിൽ പലരും സുവിശേഷ വേലക്കാർ ഭൗതിക ജോലി ചെയ്യുന്നത് തെറ്റാണ് എന്ന് വിശ്വസിക്കുന്നവർ ആണ് . സുവിശേഷ വേലയെ കുറിച്ച് നില നിൽക്കുന്ന ഇത്തരം ചില തെറ്റിദ്ധാരണകൾ തിരുവെഴുത്തിൻ്റെ അടിസ്ഥാനത്തിൽ പരിശോധിക്കുകയും, തിരുത്തുകയും ആണ് ലേഖനത്തിന്റെ ലക്ഷ്യം. **ആത്മാർത്ഥത തെറ്റായ കാര്യം ചെയ്യുന്നതിനുള്ള ന്യായീകരണമല്ല .**

സുവിശേഷ വേല അല്ലെങ്കിൽ ദൈവിക ശുശ്രൂഷ എന്നത് ഭൗതികമായ ഒരു ജോലിയും ചെയ്യാതെ വിശ്വാസികളുടെ പണം കൊണ്ട് മാത്രം ജീവിക്കുന്നതാണ് എന്ന തെറ്റിദ്ധാരണ കൊണ്ട് പല തരത്തിലുള്ള ആളുകൾ സുവിശേഷ വയലിലും സഭകളിലും ഉണ്ടായിട്ടുണ്ട്.

## നാല് തരത്തിലെ സുവിശേഷ വേലക്കാർ

**അതിൽ ആദ്യത്തെ ചിലർ** ചിലർ എങ്ങനെ പണി ചെയ്യാതെ പണം ഉണ്ടാക്കാം എന്നുള്ള ചിന്തയിൽ ഇതിൽ കടന്നു കൂടിയിട്ടുള്ള ഒന്നാന്തരം കള്ളന്മാർ ആണ്. സമൃദ്ധിയുടെ സുവിശേഷവും, തട്ടിപ്പു രോഗശാന്തിയും നടത്തുന്ന ദൈവത്തിൻ്റെ "അഭിഷിക്തർ" എന്ന് അവകാശപ്പെടുന്ന ഇങ്ങനെയുള്ള പലരും രക്ഷിക്കപ്പെട്ടിട്ടു പോലുമില്ലാത്ത തട്ടിപ്പുകാർ ആണ്.

സ്വന്തം മുഖത്തെ വിയർപ്പു കൊണ്ട് ഉപജീവനം കഴിക്കുക എന്ന് ദൈവം കല്പിച്ചപ്പോൾ, വിയർക്കാൻ ബുദ്ധിമുട്ടുള്ളതിനാൽ മറ്റുള്ളവരുടെ വിയർപ്പിനാൽ ജീവിക്കുന്ന, ചിന്തിക്കാൻ കഴിവില്ലാത്ത വിഡ്ഢികളായ വിശ്വാസികളെ പറ്റിക്കാൻ കഴിവുള്ള, അതിബുദ്ധിമാന്മാർ ആണ് ഈ ആത്മീയ കച്ചവടക്കാർ.

പാവപ്പെട്ട വിശ്വാസികളെ വരെ പറ്റിച്ചു കോടികളുടെ ആഡംബര ഭവനങ്ങളും, റിസോർട്ടുകളും വരെ ഉണ്ടാക്കിയിട്ടുള്ളവരാണ് ഈ ആത്മിക ബിസിനസ്സുകാർ. ഇങ്ങനെയുള്ളരെ കുറിച്ചുള്ള ദൈവിക മുന്നറിയിപ്പ് ശ്രദ്ധിക്കുക.

2 പത്രൊസ് 2: 2- 14 അവരുടെ ദുഷ്കാമപ്രവൃത്തികളെ പലരും അനുകരിക്കും; അവർ നിമിത്തം സത്യമാർഗം ദുഷിക്കപ്പെടും. അവർ ദ്രവ്യാഗ്രഹത്തിൽ കൗശലവാക്കു പറഞ്ഞു നിങ്ങളെ വാണിഭം ആക്കും. അവർ സ്ഥിരമില്ലാത്ത ദേഹികളെ വശീകരിക്കുന്നവരും ദ്രവ്യാഗ്രഹത്തിൽ അഭ്യാസം തികഞ്ഞ ഹൃദയമുള്ളവരുമായ ശാപയോഗ്യന്മാർ.

ഇവർ ദ്രവ്യാഗ്രഹത്തിൽ അഭ്യാസം തികഞ്ഞ ബുദ്ധിമാന്മാർ ആണ്. ബുദ്ധിമാന്മാർ വിഡ്ഢികളെ പറ്റിച്ചു ജീവിക്കുക എന്നത് സ്വഭാവികമാണ്. മലയാളികൾ ബുദ്ധിമാന്മാർ ആണ് എന്നാണ് പൊതു ധാരണ.എന്നാൽ ദ്രവ്യഗ്രഹം മൂലം ആത്മീയ ബിസ്സിനസ്സുകാർക്ക് കബളിപ്പിക്കാൻ പറ്റിയ ഏറ്റവും നല്ല കൂട്ടർ ഇവരാണ്. സത്യത്തെ സ്നേഹിക്കാത്തതിനാൽ ഭോഷ്കു വിശ്വസിച്ചു പറ്റിക്കപ്പെടുവാൻ ദൈവം ഇവരെ വിട്ടു കൊടുത്തിരിക്കുകയാണ്.

**എന്നാൽ അടുത്ത ഒരു കൂട്ടർ** ആദ്യത്തെ കൂട്ടരെ പോലെ തട്ടിപ്പു നടത്താൻ ഉള്ള ബുദ്ധിയോ കഴിവോ ഇല്ലാത്തവർ ആണ്. അവർ ജോലി ചെയ്യാതെ സുവിശേഷ വേല ചെയ്യാൻ തുടങ്ങുകയും ക്രമേണ ജീവിക്കാനുള്ള ബുദ്ധിമുട്ടു വരുമ്പോൾ തുടർച്ചായി മറ്റുള്ളവരുടെ അടുത്ത് പണത്തിനു ആശ്രയിക്കുകയൂം, തങ്ങളുടെ ശുശ്രൂഷക്കു പണം ആവശ്യപ്പെട്ടു കൊണ്ട് മറ്റുള്ളവരെ സമീപിക്കുകയും ചെയ്യുന്നു.

സുവിശേഷവേല ചെയ്യുന്നവർ ജോലി ചെയ്യാൻ പാടില്ല എന്ന തെറ്റായ ധാരണ നിമിത്തം ഇവർ സമയം ഉണ്ട് എങ്കിലും ഒരു ജോലിയും ചെയ്യാത്തവരായി അലസന്മാരും, മറ്റുള്ളവരെ ആശ്രയിച്ചു ജീവിക്കുന്നവരും ആയി തീരുന്നു. ഇക്കൂട്ടർ ആദ്യത്തെ കൂട്ടരെപ്പോലുള്ള തട്ടിപ്പുകാർ അല്ല എങ്കിലും ഇത്തരം ആളുകൾ ദൈവദാസന്മാർ എന്ന പേരിൽ ദൈവനാമത്തിനു വരുത്തുന്ന ദോഷം ചില്ലറയല്ല.

**മൂന്നാമത്തെ കൂട്ടർ** ദൈവത്തെ മാത്രം ആശ്രയിച്ചു ജീവിക്കുന്ന യഥാർത്ഥ ഭക്തന്മാർ ആണ്. ഭൗതികമായി ജോലി ചെയ്യാതെ ഇവർ സുവിശേഷ വേല ചെയ്യുന്നു എങ്കിലും ഒരിക്കലും തങ്ങളുടെ ആവശ്യങ്ങൾ മറ്റുള്ളവരോട് അറിയിക്കാതെ ദൈവത്തോട് മാത്രം അറിയിക്കുന്നവർ ആണ് ഇവർ .ഇവർ ദൈവനാമത്തിനു ഒരു ദോഷവും വരുത്തുന്നവർ അല്ല. എങ്കിൽ പോലും

ഇവരിൽ ചിലർ എങ്കിലും ഭൗതികമായ ഒരു ജോലി ചെയ്യാത്തത് അത് എന്തോ കുറവുള്ള ദൈവിക ശുശ്രൂഷ ആണ് എന്നുള്ള തെറ്റിദ്ധാരണയിൽ ആണ്.

**നാലാമത്തെ കൂട്ടർ** പൗലൊസിനെ പോലെ വേല ചെയ്യാതെ ഇരിക്കാൻ അധികാരം ഉണ്ടായിട്ടും സ്വന്ത കൈ കൊണ്ട് വേല ചെയ്യുകയും ,അതോടൊപ്പം സുവിശേഷ വേല ചെയ്യുകയും അതിൽ അഭിമാനിക്കുകയും അതുവഴി അനുകരിക്കുവാൻ മറ്റുള്ളവർക്ക് ഒരു മാതൃകയാവുകയും ചെയ്യുന്നവരാണ്.ഇങ്ങനെ തങ്ങളെ അനുകരിക്കുവാൻ പൗലൊസ് തുടർച്ചയായി വിശ്വാസികളോടും ശുശ്രൂഷകന്മാരോടും ആവശ്യപ്പെടുന്നു.

യഥാർത്ഥത്തിൽ ഇന്ന് ക്രിസ്തീയ ലോകത്തിൽ ആദ്യത്തെ കൂട്ടത്തിലെ തട്ടിപ്പുകാർ ഏറ്റവും കൂടുതൽ ഉണ്ടായിരിക്കുകയും അത് വഴി ദൈവനാമം അവിശ്വാസികളുടെ മുൻപിൽ ഏറ്റവുമധികം ദുഷിക്കപ്പെടുകയും ചെയ്യുന്നതിനാൽ ഈ കാലത്തു പൗലൊസിനെ പോലെയുള്ള അനുകരണീയരായ മാതൃകാപുരുഷന്മാരെയാണ് ഏറ്റവും അധികം ആവശ്യം.

================================================================

ചോദ്യം 9 : ദൈവം ചിലരെ വിശ്വാസത്താൽ ജീവിക്കുവാൻ വിളിച്ചിരിക്കുകയല്ലേ? അങ്ങനെയുള്ളവർക്ക് ഭൗതിക ജോലി ചെയ്യാൻ സാധ്യമാണോ ?

================================================================

ഉത്തരം : ഈ വിഷയത്തിൽ വളരെയധികം തെറ്റിദ്ധരിക്കപ്പെട്ടിട്ടുള്ളതും, തെറ്റിദ്ധരിപ്പിച്ചു പഠിപ്പിക്കുന്നതുമാണ് 'വിശ്വാസത്താൽ ജീവിക്കുക' എന്ന വാക്യം . ഈ വാക്യം സഭയിലെ പാസ്റ്റർക്കു മാത്രം ബാധകമാണ്. ആ വാക്യത്തിൻ്റെ അർഥം ജോലി ചെയ്യാതെ ജീവിക്കുക എന്നതാണ്, അതിനാൽ സഭയിലെ പാസ്റ്റർക്ക് ജോലി ചെയ്യാതെ വിശ്വാസികളുടെ പണത്താൽ ഉപജീവനം നടത്തുവാൻ കഴിയും, അതിനെയാണ് 'വിശ്വാസത്താൽ ജീവിക്കുക' എന്നത് കൊണ്ട് അർത്ഥമാക്കുന്നത് എന്നാണ് മിക്കവരും മനസ്സിലാക്കി വച്ചിരിക്കുന്നത് .

എന്നാൽ അത് പൂർണ്ണമായും തെറ്റാണ്. വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ടുള്ള എല്ലാവരും, അഥവാ വിശ്വാസികൾ എല്ലാവരും ജീവിക്കേണ്ട ജീവിത രീതിയാണ് അപ്പൊസ്തലൻ 'വിശ്വാസത്താൽ ജീവിക്കുക' എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. അതിനർത്ഥം ദൈവത്തിലുള്ള ആശ്രയത്തിൽ ജീവിക്കുക എന്നേയുള്ളൂ.

എബ്രാ. 10: 38 എന്നാൽ “എന്റെ നീതിമാൻ വിശ്വാസത്താൽ ജീവിക്കും;പിൻമാറുന്നു എങ്കിൽ ഞാൻ അവനിൽ പ്രസാദിക്കയില്ല” എന്നിങ്ങനെ തിരുവെഴുത്തുണ്ടല്ലോ? നാമോ നാശത്തിലേക്കു പിന്മാറുന്നവരുടെ കൂട്ടത്തിലല്ല, വിശ്വസിച്ചു ജീവരക്ഷ പ്രാപിക്കുന്നവരുടെ കൂട്ടത്തിലത്രേ ആകുന്നു.

ഈ വാക്യത്തിൻ്റെ അടിസ്ഥാനത്തിൽ വിശ്വാസത്താൽ ജീവിക്കാത്ത എല്ലാവരും പിന്മാറ്റക്കാർ ആണ്. അതിനാൽ ഈ വാക്യം പ്രത്യേകമായി പാസ്റ്റർക്കു മാത്രമുള്ളതോ , ഭൗതിക ജോലിയുമായി ഏതെങ്കിലും രീതിയിൽ ബന്ധമുള്ളതോ അല്ല .

അതുപോലെ ഈ വാക്യത്തിൻ്റെ അടിസ്ഥാനത്തിൽ എല്ലാ വിശ്വാസികളും വിശ്വാസത്താൽ ജീവിക്കേണ്ടവർ ആണ്, വിശ്വാസത്താൽ ജീവിക്കുക എന്നത് ഭൗതിക ജോലി ചെയ്യാതെ ജീവിക്കുക എന്നതാണ് എങ്കിൽ , എല്ലാ വിശ്വാസികളും ജോലി ചെയ്യാതെ വിശ്വാസത്താൽ ജീവിച്ചാൽ ആ സഭയിലെ പാസ്റ്റർക്കു എങ്ങനെ വിശ്വാസികളുടെ പണത്താൽ ഉപജീവനം നടത്താൻ കഴിയും ?

അതിനാൽ ഭൗതികമായ ജോലി ചെയ്യാതെ വിശ്വാസികളുടെ പണത്തിൽ മാത്രം ആശ്രയിച്ചു ജീവിക്കുന്ന വ്യക്തികൾ ദൈവത്തിലുള്ള വിശ്വാസത്താൽ ജീവിക്കുന്നവർ അല്ല, പകരം വിശ്വാസികളുടെ പണത്തിലുള്ള വിശ്വാസത്താൽ ജീവിക്കുന്നവർ ആണ്.

=====================================================================

ചോദ്യം 10 : ദൈവത്തിൻ്റെ ദാസന്മാർ ദൈവത്തെ അല്ലെ സേവിക്കേണ്ടത് ? അവർ ഭൗതികമായ ജോലി ചെയ്തു മനുഷ്യരെ സേവിക്കുന്നതു കലപ്പക്ക് കൈ വച്ച ശേഷം പിന്മാറുന്നതിനു തുല്യമല്ലെ ?

=====================================================================

ദൈവസഭയുടെ മൂപ്പന്മാർ കൈ കൊണ്ട് വേല ചെയ്യണം എന്ന് പറയുമ്പോൾ അവർ ഏതെങ്കിലും മനുഷ്യരുടെ കീഴിൽ ജോലി ചെയ്യണം എന്ന് നിർബന്ധമില്ല. കൃഷിയോ, കച്ചവടമോ, കൈത്തൊഴിലോ, എന്ത് തൊഴിലും ചെയ്യാൻ അവർ സന്നദ്ധർ ആയിരിക്കണം.

എന്നാൽ 'വിശ്വാസത്താൽ ജീവിക്കുക' എന്ന വാക്യം പോലെ വളരെയധികം തെറ്റിദ്ധരിപ്പിക്കപ്പെട്ട ഒരു പദം ആണ് ദൈവത്തിൻ്റെ ദാസന്മാർ എന്ന് പറയുന്നത് പാസ്റ്റർമാർ മാത്രം ആണ് എന്നതും, മനുഷ്യരുടെ കീഴിൽ ജോലി

ചെയ്യുന്നത് ദൈവദാസന്മാർക്കു പറ്റില്ല എന്നതും. താഴെയുള്ള വാക്യങ്ങൾ ശ്രദ്ധിക്കുക.

റോമ. 6:17, 18 എന്നാൽ നിങ്ങൾ പാപത്തിന്റെ ദാസന്മാർ ആയിരുന്നുവെങ്കിലും നിങ്ങളെ പഠിപ്പിച്ച ഉപദേശരൂപത്തെ ഹൃദയപൂർവ്വം അനുസരിച്ച്, പാപത്തിൽനിന്ന് സ്വാതന്ത്ര്യം ലഭിച്ചു നീതിയ്ക്ക് ദാസന്മാരായിത്തീർന്നതുകൊണ്ട് ദൈവത്തിന് നന്ദി.

റോമ. 6:22 എന്നാൽ ഇപ്പോൾ പാപത്തിൽനിന്ന് സ്വാതന്ത്ര്യം പ്രാപിച്ചു ദൈവത്തിന് ദാസന്മാരായിരിക്കയാൽ നിങ്ങൾക്ക് ലഭിക്കുന്ന ഫലം വിശുദ്ധീകരണവും അതിന്റെ അനന്തരഫലം നിത്യജീവനും ആകുന്നു.

ഈ വാക്യങ്ങൾ വ്യക്തമാക്കുന്നത് പാപത്തിൽ നിന്നും സ്വാതന്ത്ര്യം പ്രാപിച്ച എല്ലാ ദൈവമക്കളും ദൈവത്തിൻ്റെ ദാസന്മാർ ആണ് . അവർ ഭൗതികമായ ജോലി ചെയ്യുന്നതു വഴിയും അവർ ദൈവത്തെ സേവിക്കുകയാണ്.

എഫെ. 6 :6 മനുഷ്യർ ശ്രദ്ധിക്കുമ്പോൾ മാത്രം അവരെ പ്രസാദിപ്പിക്കുന്നവരെപ്പോലെ അല്ല, ക്രിസ്തുവിന്റെ ദാസന്മാരെപ്പോലെ ദൈവേഷ്ടം മനസ്സോടെ ചെയ്തും, മനുഷ്യരെയല്ല, കർത്താവിനെ തന്നെ സന്തോഷത്തോടെ സേവിച്ചുംകൊണ്ട് അനുസരിക്കുവിൻ

അതിനാൽ ദൈവദാസന്മാർ ഭൗതികമായ ജോലി ചെയ്യുന്നത് പിന്മാറ്റമല്ല എന്നു മാത്രമല്ല , ദൈവവചന ഉപദേശത്തിൻ്റെ അനുസരണവുമാണ് .

==================================================================

ചോദ്യം 11 - ഈ പറഞ്ഞതൊക്കെ തത്വത്തിൽ ശരിയാണ് എന്ന് സമ്മതിക്കാം, എന്നാൽ ഇത് ഇന്ന് പ്രായോഗികമായി സാധ്യമാണോ ?

==================================================================

ഉത്തരം: ലേഖനത്തിൻ്റെ മുഖവുരയിൽ പറഞ്ഞത് പോലെ ഈ പറയുന്ന കാര്യങ്ങളും, പുതിയ നിയമത്തിലെ മറ്റു പല കാര്യങ്ങളും ഒന്നും തന്നെ ഇന്നത്തെ സഭകളുടെ സംഘടനാ സംവിധാനത്തിൽ പ്രായോഗികമല്ല എന്ന് ഞാൻ സമ്മതിക്കുന്നു. അതിന് കാരണം ദൈവവചനം അതുപോലെ പ്രായോഗികമാക്കാൻ കഴിയാത്ത ദൈവവചന വിരുദ്ധമായ കേന്ദ്രീകൃത സംഘടനാ വ്യവസ്ഥിതിയിൽ ആണ് ഇന്നത്തെ ഒട്ടു മിക്ക സഭകളും നിലനിൽക്കുന്നത് എന്നതാണ്.

ഇത്തരം കേന്ദ്രീകൃത സംഘടന നിയമിക്കുന്ന, മൂന്നു വർഷം തികയുമ്പോൾ സ്ഥലം മാറ്റുന്ന, സംഘടനയുടെ ശമ്പളക്കാരൻ അയ ഏകാംഗ പാസ്റ്റർക്ക് / പുരോഹിതന് സംഘടനയുടെയോ സഭയുടെയോ ശമ്പളമില്ലാതെ ജീവിക്കുക എന്നത് ഒരിക്കലും ചിന്തിക്കുവാൻ സാധ്യമല്ല.

മാത്രമല്ല ആദിമ സഭയിൽ നിന്ന് വ്യത്യസ്തമായി, ഇന്ന് ഏകാംഗ വ്യക്തിയുടെ ചുമതലയിൽ സഭയിലെ ഭൗതികവും ആത്മീയവുമായ എല്ലാ കാര്യങ്ങളും ആയിരിക്കുകയാൽ ഭൌതിക ജോലി ചെയ്യുക എന്നത് പ്രായോഗികമായി അവർക്ക് അസാധ്യമാണ്.

അതിനാൽ ഇന്ന് നിലനിൽക്കുന്ന കേന്ദ്രീകൃത സംഘടന വ്യവസ്ഥിതിയിൽ ഈ പറയുന്ന ഒരു കാര്യവും പ്രാവർത്തികം ആകുകയില്ല. ഈ വ്യവസ്ഥിതിയുടെ ഭാഗമായതിനാൽ ഇതിനോട് ചേർന്ന് പോകുവാൻ നിർബന്ധിതർ ആയ അനേകം ആത്മാർത്ഥതയുള്ള യഥാർത്ഥമായി ദൈവവേല ചെയ്യുന്ന ദൈവദാസന്മാരും ഇതിൽ ഉണ്ട് എന്നുള്ള കാര്യം കൂടി ഓർമ്മിപ്പിക്കുന്നു. അവർ തെറ്റായ വ്യവസ്ഥിതിയിലെ ശരിയായ ദൈവദാസന്മാർ ആണ്.പുതിയ നിയമ ഉപദേശങ്ങൾ പുതിയ നിയമ മാതൃകയിൽ ഉള്ള സഭകളിൽ മാത്രമാണ് പ്രായോഗികം.
ഇത്തരം പഴയ വ്യവസ്ഥിതിയിൽ, പുതിയ നിയമ സഭയുടെ ഉപദേശം പ്രാവർത്തികമാവുകയില്ല. അതിനാലാണ് കർത്താവ് ഇങ്ങനെ പറഞ്ഞത്

പുതിയ വസ്ത്രം ആരും പഴയ വസ്ത്രത്തിൽ ചേർത്തു തുന്നുമാറില്ല, തുന്നിച്ചേർത്താൽ അതു കൊണ്ടു വസ്ത്രം കീറും. ചീന്തൽ ഏറ്റവും വല്ലാതെയായി തീരും. പുതിയ വീഞ്ഞു പഴയ തുരുത്തിയിൽ പകരുമാറുമില്ല. പകർന്നാൽ തുരുത്തി പൊളിഞ്ഞു വീഞ്ഞു ഒഴുകിപ്പോകും, തുരുത്തിയും നശിച്ചുപോകും (മത്തായി 9:16,17).

പുതിയ ഉടമ്പടിയുടെ സന്ദേശം, പുതിയ നിയമ സഭയുടെ ഉപദേശം പഴയ തുരുത്തികൾ ആകുന്ന വ്യവസ്ഥിതിയിൽ പകരാൻ ശ്രമിച്ചാൽ, കർത്താവ് മുന്നറിയിപ്പ് തന്നത് പോലെ തുരുത്തി പൊളിയും, വീഞ്ഞ് ഒഴുകിപ്പോകും. വസ്ത്രം കീറും, ചീന്തൽ ഏറ്റവും വലിയതാകും. പഴയ തുരുത്തിയിൽ പുതിയ വീഞ്ഞു ഒഴിച്ചുവയ്ക്കാൻ ശ്രമിച്ചാൽ; തുരുത്തി പൊളിയും എന്ന് അറിയാവുന്നതിനാൽ പഴയ തുരുത്തി എന്ന സംഘടനയുടെ ശമ്പളത്തിലും സുരക്ഷിതത്വത്തിലും കഴിയുന്ന, വിശ്വാസികളെ ചൂഷണം ചെയ്തു ജീവിക്കുന്ന അഭിനവ പുരോഹിതന്മാരും പരീശന്മാരും ഈ സന്ദേശത്തെ എതിർക്കുകയും ഇത് പറയുന്നവരെ ക്രൂശിക്കാൻ ശ്രമിക്കുകയും ചെയ്യും. (മത്തായി 7:6)

================================================================

ചോദ്യം 12 - എന്താണ് ഇതിനു പരിഹാരം?

================================================================

ഉത്തരം : ദൈവസഭ അതിന്റെ ആദിമ മാതൃകയിലേക്ക് മടങ്ങിപ്പോകുക എന്നത് മാത്രമാണ് ഇതിനു പരിഹാരം. ഒരു നവീകരണം അല്ല ദൈവിക സത്യങ്ങളുടെ പുനഃസ്ഥാപനം ആണ് ഇനി നമുക്ക് ആവശ്യം (Not a reformation but a complete restoration).

ദൈവസഭ ആദിമ ദൈവസഭയുടെ മാതൃകയിലേക്ക് പുനഃസ്ഥാപിക്കപ്പെട്ടാൽ ആ പുതിയ തുരുത്തിയിൽ പുതിയ നിയമ ഉപദേശം എന്ന പുതിയ വീഞ്ഞ് ഒഴിച്ചു വയ്ക്കുവാൻ കഴിയും. അതിനാലാണ് ദൈവസഭയെ സത്യത്തിന്റെ തൂണും അടിസ്ഥാനവും എന്ന് വിളിക്കുന്നത്. ആ സത്യം പുതിയ ഉടമ്പടിയുടെ സന്ദേശമാണ്, അത് ദൈവഭക്തിയുടെ മർമ്മമാണ്. ദൈവസഭ അതിനെ താങ്ങി നിർത്തുന്ന ദൈവാലയം ആണ് (1 തിമൊഥെയൊസ് 3:16).

യഹൂദ സമൂഹമായ പഴയ തുരുത്തികൾക്കു, കർത്താവിനെയും, ക്രൂശിൻ്റെ യഥാർത്ഥ സന്ദേശത്തെയും ഉൾക്കൊള്ളാൻ കഴിഞ്ഞില്ല. അവർ ആ സന്ദേശത്തെയും , സന്ദേശവാഹകനെയും പാളയത്തിനു പുറത്താക്കി ക്രൂശിച്ചു കൊന്നു

നാം ദൈവത്തിൻ്റെ വചനം ഒത്തുതീർപ്പില്ലാതെ പ്രസംഗിക്കുകയാണ് എങ്കിൽ, പഴയ തുരുത്തിയുടെ വക്താക്കൾ ആയ അഭിനവ പരീശന്മാർ കർത്താവിനെയും, തൻ്റെ ശിഷ്യന്മാരെയും ആക്രമിച്ചത് പോലെ നമ്മെയും ആക്രമിക്കും.

കാരണം ഇന്നും പഴയ തുരുത്തികൾക്ക് ക്രൂശിൻ്റെ യഥാർത്ഥ സന്ദേശം ഇടർച്ച വരുത്തുന്നതാണ്. അതിനാൽ ദൈവകൃപയാൽ തന്നേ ഹൃദയം ഉറപ്പിക്കാനും, തൻ്റെ നിന്ദ സഹിച്ചു കൊണ്ട് ഇത്തരം പഴയ തുരുത്തികളായ പാളയത്തിനു പുറത്തു വരാനും കർത്താവ് ആവശ്യപ്പെടുന്നു. എബ്രാ. 13:9 , 13

എന്നാൽ ഇത്തരം മാനുഷിക സംഘടനകളാകുന്ന പാളയങ്ങങ്ങളുടെ, തുരുത്തികളുടെ സുരക്ഷിതത്വം ആഗ്രഹിക്കുന്നവർ, ക്രിസ്തുവിൻ്റെ നിന്ദ ചുമക്കാൻ ആഗ്രഹമില്ലാത്തവർ. മനുഷ്യരെ പ്രസാദിപ്പിക്കുവാൻ ആഗ്രഹിക്കുന്നവർ, വിശ്വാസികളെ ചൂഷണം ചെയ്തു ജീവിക്കുവാൻ ആഗ്രഹിക്കുന്നവർ , ഇവരെല്ലാം പഴയ വീഞ്ഞിനെ കുടിച്ചു അതിൽ തൃപ്തരായി പഴയ തുരുത്തികളിൽ കഴിയുന്നു

യഥാർത്ഥത്തിലുള്ള പുതിയ ഉടമ്പടിയുടെ സന്ദേശം വഹിക്കുവാനുള്ള പുതിയ തുരുത്തികൾ ആണ് ഈ തലമുറയുടെ ഏറ്റവും വലിയ ആവശ്യകത. ഇന്ന് ഏറ്റവും ദുർലഭമായി കൊണ്ടിരിക്കുന്നത്  പുതിയ തുരുത്തിയാകുന്ന ക്രിസ്തുവിന്റെ ശരീരമായ ദൈവസഭയെ പറ്റിയുള്ള വെളിപ്പാടാണ്, ഉപദേശമാണ്.

അവിടെ മാത്രമേ ദൈവവചന പ്രകാരമുള്ള ഉപദേശങ്ങൾ പൂർണ്ണമായും പഠിപ്പിക്കുവാനും പാലിക്കുവാനും സാധ്യമാകുകയുള്ളു.

**കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ !!**